## 1216

*രീതി: സങ്കടത്താൽ ഞാൻ*

1 വെളിച്ചത്തിൻ കതിരുകൾ വിളങ്ങുമീ സമയത്തു
വെളിച്ചമാം യഹോവയെ സ്തുതിക്കണമവൻ ജനം-

2 ഇരുട്ടൊഴിഞ്ഞവനിയിൽ തിളക്കമിങ്ങുദിക്കുന്നു
വെളിച്ചമാം മശീഹയീ വിധം നമ്മിലുദിക്കണം-

3 തിരുമുഖമതിൻ പ്രഭ തെളിവോടു വിലസുമ്പോൾ
ഇരുളിന്റെ പ്രവൃത്തികൾ മറവിടം തിരക്കിടും-

4 തിരുമൊഴി ദിവസവും പുതിയതായ് പഠിക്കുകിൽ
ശരിവരെ വഴി തെറ്റാതിരുന്നിടാമസംശയം-

5 ദിനമതിൻ തുടസ്സത്തിൽ മനുവേലിൻ മുഖാംബുജം
ദരിശിച്ച നരനൊരു ദുരിതവും വരികില്ല-

6 മനമതി തെളിവിനോടിരുന്നിടും സമാധാനം
ദിവസത്തിന്നൊടുവോളം ഭരിച്ചിടും മനസ്സിനെ-

7 സമസ്തമാം പരീക്ഷയും ജയിച്ചിടാം കൃപാമുലം
ഒരിക്കലുമിളകാത്ത പുരമതിൽ കടന്നിടാം-

8 ഗതിയില്ലാ ജനങ്ങളിൽ കനിയുന്ന മഹേശനേ!
കരം പിടിച്ചന്നെ തിരുവഴികളിൽ നടത്തുക- **K.V.S.**